പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4949 27/10/2016 ൽ മറുപടിക്ക്

## റീസർവ്വെ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.സി. മമ്മത് കോയ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ എത്ര ജില്ലകളിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; | (എ) സംസ്ഥാനത്ത് ഒരു ജില്ലയിലും റീസർവ്വേ പൂർത്തിയായിട്ടില്ല. |
| (ബി) കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പുഴകളും തോടുകളും തീരങ്ങളും വ്യാപകമായി കയ്യേറി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈവശപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) കൈയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | (സി) കൈയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമിയിലെ കൈയ്യേറ്റം കർശനമായി നിരോധിക്കണമെന്നും, പുതിയ കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഒഴിപ്പിക്കുവാനും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഭൂമിയിൽ റിപ്പോർട്ട് ചെയ്ത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ കെ.എൽ.സി. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) കൈയ്യേറ്റങ്ങൾ സർവ്വെ ചെയ്ത് കണ്ടെത്തുന്നതിന് പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (ഡി) സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും തുടർന്നുള്ള കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിനും ജില്ലാതലത്തിൽ ഒരു ടീം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ